പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4933** 27/10/2016 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ** | | **ശ്രീ. ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി )** |
| (എ) | ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭിക്കുന്നതിന് നൽകുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ഓൺ ലൈനായും അല്ലാതെയും റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) മുതൽ (ഡി) വരെ<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്നതിന് ഓൺ ലൈൻ സംവിധാനം ഏർ പ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസുകളിലും, താലൂക്കാഫീസുകളിലും, ജില്ലാ കളക്ടേറ്റുകളിലും പുതിയതായി നിലവിൽ വന്ന ഓൺ ലൈൻ സംവിധാനത്തിലെ പ്രാരംഭമായിട്ടുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കൊണ്ട് ചെറിയ കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഓൺ ലൈൻ അല്ലാതെയുള്ള അപേക്ഷകളിൽ കൃത്യസമയത്ത് തന്നെ നടപടി സ്വീകരിച്ചുവരുന്നു. ഓൺ ലൈൻ സംവിധാനം പൂർണമായി പ്രവർത്തനക്ഷമം ആകുന്നതോടെ അപേക്ഷകൾ വേഗത്തിൽ തീർപ്പാകുന്നതാണ്. |
| (ബി) | ചെങ്ങന്നൂർ താലൂക്കിൽ നിന്നും രോഗ ദുരിത സഹായത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ റിപ്പോർട്ടുകൾ വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ്, കളക്ടറേറ്റ് എന്നീ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) |
| (സി) | പ്രസ്തുത അപേക്ഷകരുടെ റിപ്പോർട്ടുകൾ യഥാസമയം സ്വീകരിച്ച് സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ; | (സി) |
| (ഡി) | പ്രസ്തുത അപേക്ഷകരുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിശ്ചിത സമയം നിർദ്ദേശിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ? | (ഡി) |

സെക്ഷൻ ഓഫീസർ